# പെരുന്നാൾ ദിനത്തിൽ

പെരുന്നാൾ തലേന്ന് ഉറക്കമൊഴിച്ച് കാത്തിരുന്നു!! ഉപ്പ ഞങ്ങൾക്ക് പുതുവസ്ത്രം കൊണ്ടുവരും എന്ന പ്രതീക്ഷയോടെ! നേരം വൈകുന്തോറും പ്രതീക്ഷ മങ്ങികൊണ്ടിരുന്നു. അവർ ഉറക്കത്തിന്റെ വക്കിൽ എത്തികഴിഞ്ഞിരുന്നു.

ഉപ്പയാണെങ്കിലൊ..! പുലർച്ചയാവാറായിട്ടുണ്ട് വീട്ടിൽ മടങ്ങി



# രാജ്യങ്ങളും അപരനാമങ്ങളും

| | |
|---|---|
| ചൈന | ചുവന്ന ഡ്രാഗണിന്റെ നാട് |
| മംഗോളിയ | നീലാകാശത്തിന്റെ നാട് |
| ഭൂട്ടാൻ | ഇടിമിന്നലിന്റെ നാട് |
| മ്യാന്മാർ | സുവർണ പഗോഡകളുടെ നാട് |
| സിങ്കപ്പൂർ | ശാന്ത സമുദ്രത്തിന്റെ താക്കോൽ |
| ഫിലിപ്പൈൻസ് | കിഴക്കൻ സമുദ്രത്തിലെ മുത്ത് |
| പാക്കിസ്ഥാൻ | കനാലുകളുടെ നാട് |
| വടക്കൻ കൊറിയ | താപസരാജ്യം |
| ഇൻഡോനേഷ്യ | ഭൂമധ്യരേഖയിലെ മരതകം |
| ശ്രീലങ്ക | ഇന്ത്യയുടെ കണ്ണീർ കണം |
| സൗത്ത് കൊറിയ | പ്രഭാത ശാന്തതയുടെ നാട് |

● കെ.എസ്

യെത്താൻ... "മക്കളെല്ലാം ഉറങ്ങി അല്ലെ?" അയാൾ ഭാര്യയോട് ചോദിച്ചു, പതിഞ്ഞസ്വരത്തിൽ മറുപടി പറഞ്ഞ് കൂടുതൽ മുഖം കൊടുക്കാതെ അവൾ തിരിഞ്ഞു നടന്നു. അയാൾക്ക് കാര്യം പിടികിട്ടി. ആദ്ദേഹം പറഞ്ഞു

"ഞാൻ....!!" വാചകം മുഴുവനാക്കാൻ ഭാര്യ സമ്മതിച്ചില്ല. നൊമ്പരത്തോടെ അവൾ പറഞ്ഞു "എനിക്കറിയാം പക്ഷെ...!!" അതിനുശേഷം അയാൾ ഒന്നും മിണ്ടാതെ കുറച്ചു സമയം ചെലവഴിച്ച് ഉറക്കമൊഴിച്ച കണ്ണുകളുമായി നീറുന്ന മനസ്സോടെ വീട്ടിൽ നിന്നിറങ്ങി. ഇവിടെ നിന്നാൽ മക്കളോട് എന്ത് പറയണമെന്ന് അയാൾക്കറിയില്ലായിരുന്നു. അത് കൊണ്ട്...!!

അയാൾ സ്വയം പറഞ്ഞു, മക്കളുടെ ചോദ്യത്തിനു മുമ്പിൽ ഉചിതമായ മറുപടി നൽകാൻ അവൾക്കാണാവുക!!

വീട്ടിൽ നിന്നിറങ്ങിയിട്ട് അയാൾ നേരിട്ട് പള്ളിയിലേക്കാണ് പോയത്. അവിടെവെച്ച് അള്ളാഹുവിനോട് പ്രാർത്ഥിച്ചു. നാഥാ.... "നീ ഉദാരനും കരുണാനിധിയുമാണ്. എന്നെ ഇങ്ങനെ പരീക്ഷിക്കണമൊ? ഞാനായിട്ട് ആർക്കും ഇതുവരെ ഒരു ദ്രോഹവും ചെയ്തിട്ടില്ല. പിന്നെ എന്തിന് എന്നെ ഇങ്ങനെ....!! എന്റെ മക്കളുടെ മുമ്പിൽ നിവർന്ന്നിൽക്കാൻ പോലും ഞാൻ യോഗ്യനല്ല.

നീ എന്നോട് കരുണ കാണിക്കണം. ഞങ്ങളെ അനുഗ്രഹിക്കണം. ഈ ദാരിദ്ര്യത്തിൽ നിന്ന് കരകേറ്റണം" എന്നൊക്കെ പറഞ്ഞുകൊണ്ട് അയാൾ പൊട്ടിക്കരയുകയാണ്.

പെരുന്നാൾ നമസ്കാരത്തിന് മുമ്പ് "സുബ്ഹി" നമസ്കാരത്തിനു പള്ളിയിലേക്ക് ആളുകൾ വരാൻ തുടങ്ങി. അയാൾ പ്രാർത്ഥനയിൽതന്നെ മുഴുകിയിരിക്കുകയായിരുന്നു. അയാളുടെ പ്രാർത്ഥന പള്ളിയിലേക്ക് വന്ന ഒരാളുടെ ശ്രദ്ധയിൽപ്പെട്ടു.

അദ്ദേഹം അടുത്തുചെന്നു നോക്കിയപ്പോൾ അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ ചാലിട്ടൊഴുകുന്നതാണ് കാണാൻ കഴിഞ്ഞത്. അദ്ദേഹം അയാളോട് കാര്യങ്ങൾ തിരക്കി..!

നമസ്കാരത്തിനു ശേഷം അയാളെ കൂട്ടികൊണ്ടുപ്പോയി ആവശ്യമുള്ള സാധനങ്ങളൊക്കെ വാങ്ങികൊള്ളാൻ പറഞ്ഞു. അയാൾ വിതുമ്പുന്ന മനസ്സുമായി ഒന്നും പറയാൻ കഴിയാതെ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കി..!! അദ്ദേഹം ചുമലിൽ കൈവെച്ച് ആശ്വാസിപ്പിച്ചു, എന്നിട്ട് പറഞ്ഞു.

"നിങ്ങൾ ഇതു കൊണ്ടുപോയി മക്കൾക്ക് കൊടുക്ക്, അവർ സന്തോഷിക്കട്ടെ," കൂടെ കുറച്ചു കാശും കൊടുത്തു. അയാൾ ഇതൊക്കെ ഒരു സ്വപ്നമായാണ് നിരീക്ഷിച്ചത്. വിശ്വസിക്കാൻ കഴിയുന്നില്ല! അല്ലാഹു നേരിട്ട് ഇറങ്ങി വന്നതാണോ എന്നൊക്കെ ഒരു നിമിഷം അയാൾ ചിന്തിച്ചു പോയി.

ഗദ്ഗദത്തോടെ അയാൾ പറഞ്ഞു..!! "നിങ്ങളെ അള്ളാഹുവാണ് എന്റെ മുമ്പിൽ കൊണ്ടെത്തിച്ചത്. എന്റെ പ്രാർത്ഥന അവൻ കേട്ടു, അതിനുത്തരമാണ് താങ്കൾ!! എങ്ങനെ നന്ദി പറയണമെന്ന് എനിക്കറിഞ്ഞു കൂടാ... താങ്കൾ ഒരു മഹാമനസ്കനാണ്. വിശാലമനസ്കർക്കേ മറ്റുള്ളവരുടെ സങ്കടം കാണാനും പങ്കുവെക്കാനും കഴിയൂ. ഈ നാട്ടിൽ എത്ര സമ്പന്നൻമാരുണ്ട്....!! പക്ഷെ!!".

അയാൾ ആ വലിയ മനസ്സിനു സർവ്വവിധ നന്മകളും നേർന്നു കൊണ്ട് നിറഞ്ഞ മനസ്സോടെ തിരികെ വീട്ടിലേക്ക്.....

• സൈഫുദ്ദീൻ വണ്ടൂർ

## ക്രിമിനോളജി

കുറ്റകൃത്യങ്ങൾ, കുറ്റവാളികൾ, കുറ്റം ചെയ്യാനുള്ള പ്രവണത, അവയ്ക്കുള്ള പരിഹാരങ്ങൾ എന്നിവയെ സംബന്ധിച്ച പഠനമാണ് ക്രിമിനോളജി. തെളിവുകളുടെ പരിശോധന, കുറ്റകൃത്യത്തിനുള്ള പാരമ്പര്യവും മാനസികവും യുക്തിപരവുമായ കാരണങ്ങൾ, വിവിധങ്ങളായ അന്വേഷണ രീതികൾ, ശിക്ഷാരീതികൾ, കുറ്റം ചുമത്തൽ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

